# ശാന്തിയുടെ മതം, നീതിയുടെയും

**എം. എം. അക്ബർ**

‘സിൽമ്’ എന്ന പദധാതുവിൽ നിന്നാണ് ‘ഇസ്‌ലാം’ നിഷ്പന്നമായിരിക്കുന്നത്. സുരക്ഷിതത്വം, സമാധാനം എന്നിങ്ങനെയാണ് സിൽമിൻെറ അർഥം. ഇസ്‌ലാം എന്നാൽ സമർപ്പണം എന്നാണല്ലോ സാരം. സർവശക്തനുള്ള സമ്പൂർണ സമർപ്പണം വഴിയാണ് യഥാർഥത്തിലുള്ള ശാന്തിയും സുരക്ഷിതത്വവുമുണ്ടാകുന്നത് എന്ന വസ്തുതയിലേക്ക് ഈ രണ്ട് ശബ്ദങ്ങളും തമ്മിലുള്ള ബന്ധം വിരൽചൂണ്ടുന്നു. ദൈവിക മാർഗദർശന പ്രകാരമുള്ള ജീവിതമാണ് വൈയക്തികതലം മുതൽ രാഷ്ട്രാന്തരീയ തലംവരെയുള്ള സമാധാനത്തിനും സുരക്ഷിതത്വത്തിനും നിമിത്തമായിത്തീരുന്നത് എന്നതാണല്ലോ വസ്തുത.

അജൈവലോകത്തും ജൈവലോകത്തുമുള്ള ദശലക്ഷക്കണക്കിന് വസ്തുക്കളെല്ലാം കൃത്യവും നിയതവുമായ ദൈവിക നിയമങ്ങൾക്ക് വിധേയമായിക്കൊണ്ടാണ് നിലനിൽക്കുന്നതെന്ന വസ്തുത നമുക്കറിയാം. ഇച്ഛാസ്വാതന്ത്ര്യം നൽകപ്പെട്ടിട്ടില്ലാത്ത അവയുടെ ലോകത്ത് നിലനിൽക്കുന്ന ശാന്തിയുടെയും പാരസ്പര്യത്തിൻെറയുമെല്ലാം അടിസ്ഥാന കാരണം അവയിൽ നിർബന്ധിതമാക്കപ്പെട്ടിട്ടുള്ള സമർപ്പണമാണ്. സവിശേഷമായ അസ്തിത്വം നൽകപ്പെട്ട മനുഷ്യൻ അവന് സ്വാതന്ത്ര്യം നൽകപ്പെട്ട മേഖലകളിൽ ദൈവിക നിയമങ്ങൾക്ക് വിധേയമായി ജീവിക്കുമ്പോൾ പ്രപഞ്ചത്തിലാകമാനം നിറഞ്ഞുനിൽക്കുന്ന ശാന്തി തന്നിലേക്ക് ആവാഹിക്കുകയും തനിക്ക് ചുറ്റുമുള്ള പ്രാപഞ്ചിക പ്രതിഭാസങ്ങളുമായി രമ്യതയിലും പാരസ്പര്യത്തിലും വർത്തിക്കാൻ അവന് കഴിയുകയും ചെയ്യും. ഇങ്ങനെ ദൈവിക നിയമങ്ങൾ പാലിക്കുന്നതിൻെറ പേരാണ് ഇസ്‌ലാം. ജീവിതത്തിൽ ഉടനീളം ദൈവിക നിയമങ്ങൾ പാലിച്ചുകൊണ്ട് ശാന്തമായ മനസ്സും സമാധാനപൂർണമായ സാഹചര്യങ്ങളും സൃഷ്ടിക്കുന്നവനാണ് മുസ്‌ലിം.

സർവശക്തന് സ്വന്തം ജീവിതത്തെ സമർപ്പിക്കുകയും അവനിൽ സകലകാര്യങ്ങളും ഭരമേൽപിക്കുകയും ചെയ്യുന്നതുമൂലമാണ് ഒരാൾക്ക് പൂർണമായ അർഥത്തിലുള്ള മനഃശാന്തി നേടിയെടുക്കാൻ കഴിയുക. ദൈവസ്മരണയാണ് മനഃശാന്തി നേടിയെടുക്കാനുള്ള മാർഗം. ഖുർആൻ പറയുന്നത് കാണുക: ‘‘അതായത് വിശ്വസിക്കുകയും, അല്ലാഹുവെപ്പറ്റിയുള്ളഓർമകൊണ്ട് മനസ്സുകൾ ശാന്തമായിത്തീരുകയും ചെയ്യുന്നവരെ. ശ്രദ്ധിക്കുക; അല്ലാഹുവെപ്പറ്റിയുള്ള ഓർമകൊണ്ടത്രെ മനസ്സുകൾ ശാന്തമായിത്തീരുന്നത്’’ (വി.ഖു. 13:28).

ദൈവിക മാർഗദർശന പ്രകാരമുള്ള ജീവിതംവഴി വൈയക്തിക തലത്തിലുള്ള ശാന്തി മാത്രമല്ല കരഗതമാവുക. കുടുംബത്തിലും സമൂഹത്തിലുമെല്ലാം പൂർണമായ ശാന്തി കരഗതമാവണമെങ്കിൽ ദൈവിക മാർഗനിർദേശമുള്ള ജീവിതം അനിവാര്യമാണ്. വ്യക്തികൾ തമ്മിലുള്ള ബന്ധങ്ങളിൽ സമാധാനമുണ്ടാവണമെങ്കിൽ ഓരോരുത്തരും നീതിനിർവഹണത്തിൽ നിഷ്കർഷയുള്ളവരായിരിക്കണം. വ്യക്തിതലത്തിലുള്ള ശാന്തിക്കുപോലും നീതിനിഷ്ഠമായ ജീവിതം അനിവാര്യമാണ്. സ്വന്തം തൃഷ്ണകളോട് നീതിപുലർത്തുവാനാണ്; തൃഷ്ണകളെ നിഷേധിക്കുവാനല്ല ഇസ്‌ലാം മനുഷ്യരെ ആഹ്വാനം ചെയ്യുന്നത്. ദൈവിക മാർഗനിർദേശങ്ങൾക്ക് അനുസൃതമായി തൃഷ്ണകളോട് നീതിപുലർത്തുമ്പോൾ വ്യക്തിക്കും സമൂഹത്തിനുമെല്ലാം സമാധാനപൂർണമായ ഒരു അവസ്ഥ സംജാതമാകുന്നു. ഇതാണ് ഇസ്‌ലാം വിഭാവനം ചെയ്യുന്നത്.

പരസ്പരമുള്ള ബന്ധങ്ങളിൽ അനീതി കടന്നുവരുന്നതാണ് കുടുംബ ശൈഥില്യങ്ങൾക്കും സാമൂഹിക സംഘർഷങ്ങൾക്കുമെല്ലാം കാരണമായിത്തീരുന്നത്. ഈ രംഗത്തെ ഇസ്‌ലാമിക നിർദേശങ്ങൾ നീതിനിഷ്ഠവും അതോടൊപ്പം ശാന്തസുന്ദരവുമായ അവസ്ഥക്ക് നിമിത്തമാകുന്നവയാണ്. ഏതാനും ഖുർആൻ സൂക്തങ്ങൾ കാണുക:

‘‘സത്യവിശ്വാസികളേ, നിങ്ങള്‍ അല്ലാഹുവിനുവേണ്ടി സാക്ഷ്യം വഹിക്കുന്നവരെന്ന നിലയില്‍ കണിശമായി നീതി നിലനിര്‍ത്തുന്നവരായിരിക്കണം. അത് നിങ്ങള്‍ക്ക് തന്നെയോ, നിങ്ങളുടെ മാതാപിതാക്കള്‍ അടുത്ത ബന്ധുക്കള്‍ എന്നിവര്‍ക്കോ പ്രതികൂലമായിത്തീര്‍ന്നാലും ശരി. (കക്ഷി) ധനികനോ, ദരിദ്രനോ ആകട്ടെ, ആ രണ്ട് വിഭാഗത്തോടും കൂടുതല്‍ ബന്ധപ്പെട്ടവന്‍ അല്ലാഹുവാകുന്നു. അതിനാല്‍ നിങ്ങള്‍ നീതിപാലിക്കാതെ തന്നിഷ്ടങ്ങളെ പിന്‍പറ്ററുത്. നിങ്ങള്‍ വളച്ചൊടിക്കുകയോ ഒഴിഞ്ഞുമാറുകയോ ചെയ്യുന്നപക്ഷം തീര്‍ച്ചയായും നിങ്ങള്‍ പ്രവര്‍ത്തിക്കുന്നതിനെപ്പറ്റിയെല്ലാം സൂക്ഷ്മമായി അറിയുന്നവനാകുന്നു അല്ലാഹു’’ (വി.ഖു:4:135)

‘‘സത്യവിശ്വാസികളേ, നിങ്ങള്‍ അല്ലാഹുവിനുവേണ്ടി നിലകൊ ള്ളുന്നവരും, നീതിക്ക് സാക്ഷ്യം വഹിക്കുന്നവരുമായിരിക്കുക. ഒരു ജനതയോടുള്ള അമര്‍ഷം നീതി പാലിക്കാതിരിക്കാന്‍ നിങ്ങള്‍ക്ക് പ്രേരകമാകരുത്. നിങ്ങള്‍ നീതി പാലിക്കുക. അതാണ് ധര്‍മനിഷ്ഠയോട് ഏറ്റവും അടുത്തത്. നിങ്ങള്‍ അല്ലാഹുവെ സൂക്ഷിക്കുക. തീര്‍ച്ചയായും നിങ്ങള്‍ പ്രവര്‍ത്തിക്കുന്നതിനെക്കുറിച്ചെല്ലാം അല്ലാഹു സൂക്ഷ്മമായി അറിയുന്നവനാകുന്നു’’ (വി.ഖു.5:8).

ശാന്തിയുടെയും നീതിയുടെയും മതമായ ഇസ്‌ലാമാണ് ഭീകരവാദത്തിന്റെയും അക്രമത്തിന്റെയും ദര്‍ശനമായി തെറ്റിദ്ധരിക്കപ്പെട്ടിരിക്കുന്നത്. ശാന്തി അന്വേഷിച്ചുകൊണ്ട് കപട ആത്മീയതകളുടെ ആലയങ്ങള്‍ കയറിയിറങ്ങുന്നവര്‍ക്ക് യഥാര്‍ഥ ശാന്തിയുടെ പാത കാണിച്ചുകൊടുക്കേണ്ടവരാണ് പ്രബോധകന്മാര്‍. ഈ രംഗത്ത് ദിശാബോധത്തോടുകൂടി ഏറെ പ്രവര്‍ത്തനങ്ങള്‍ അനിവാര്യമാണ്.